Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

03.03.2026

# ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ലോകകേൾവിദിനം ആചരിച്ചു

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക കേൾവിദിനം ആചരിച്ചു. 'സമൂഹത്തിൽ നിന്ന് ക്ലാസ് മുറികളിലേക്ക് – എല്ലാ കുട്ടികൾക്കും കേൾവി പരിചരണം' – എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച പരിപാടി ഫാ. റെന്നിമുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. എം.എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. എം. വി. ജോർജ്, ഡോ. ഇഹ്സാൻ എ.ടി., ഡോ. ഡിയോ മാത്യു, റോസ്മേരി സി. ജെ. എന്നിവർ സന്നിഹിതരായിരുന്നു. കേൾവിക്കുറവും അതിന്റെ പ്രാരംഭലക്ഷണങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഡോ. ദിവ്യ അംബൂക്കൻ ബോധവത്ക്കരണ ക്ലാസ് നടത്തി. വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പോസ്റ്റർ മത്സരത്തിന്റെ സമ്മാനദാനവും നടന്നു. ഇ.എൻ.ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ മോഡൽ ഗേൾസ് യു.പി. സ്കൂൾ, ലൂർദ് സെന്റ് മേരീസ് യു.പി. സ്കൂൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തി. വിദ്യാർത്ഥികളിൽ കേൾവിക്കുറവിന്റെ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായി സൗജന്യ ശ്രവണപരിശോധന നടത്തി. കേൾവി സംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്ക്കരണം ക്ലാസ് മുറികളിൽ നിന്ന് സമൂഹത്തിലേക്ക് വ്യാപിപ്പിക്കണമെന്ന സന്ദേശമാണ് പരിപാടി മുഖ്യമായി ഉയർത്തിക്കാട്ടിയത്.